5313
10/6/14

# കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര (എ. ആർ. 13) വകുപ്പ്

## സർക്കുലർ

നമ്പർ 21040/എ. ആർ. 13(2)/2013/ഉഭപവ. *തിരുവനന്തപുരം, 2014 മാർച്ച് 5.*

വിഷയം:—പ്രവർത്തി സമയങ്ങളിൽ സർക്കാർ ഓഫീസുകളിൽ ആഘോഷങ്ങൾ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കാതെ നടത്തുന്നതിന് നിർദ്ദേശം—സംബന്ധിച്ച്.

സർക്കാർ ഓഫീസുകളിൽ പ്രവർത്തി സമയങ്ങളിൽ ജീവനക്കാർ കേരളത്തിന്റെ ദേശീയോത്സവമായ ഓണം, അതുപോലെയുള്ള മറ്റ് ആഘോഷങ്ങളും നടത്താറുണ്ട്. ഇത് ജീവനക്കാരുടെ ഇടയിൽ പരസ്പര സ്നേഹവും സഹകരണവും ഊട്ടിയുറപ്പിക്കാൻ സഹായകരമാണ്. എന്നിരുന്നാലും ഇത്തരം ആഘോഷവേളകളിൽ പലപ്പോഴും സർക്കാർ ഓഫീസുകളിൽ ആവശ്യങ്ങൾക്കായി വരുന്ന പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ സർക്കാർ ഓഫീസുകളിൽ അത്തരം ആഘോഷങ്ങൾ പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കാത്ത തരത്തിൽ നടത്തേണ്ടതാണെന്ന് കർശന നിർദ്ദേശം നൽകുന്നു.

ഇ. കെ. ഭരത് ഭൂഷൺ,
*ചീഫ് സെക്രട്ടറി.*

എല്ലാ പ്രിൻസിപ്പൽ സെക്രട്ടറി, സെക്രട്ടറി, സ്പെഷ്യൽ സെക്രട്ടറിമാർക്കും.

എല്ലാ വകുപ്പ് മേധാവികൾക്കും, എല്ലാ ജില്ലാ കളക്ടർമാർക്കും.

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും.

പബ്ളിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.

(അച്ചടി, ദൃശ്യമാധ്യമങ്ങളിലൂടെ പ്രചാരണം നൽകുന്നതിന്)

GCPT.3/1423/2014/DTP.